പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1778

01.11.2019-ൽ മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാലയിലെ ഉത്തരകടലാസ്സ് മൂല്യനിർണ്ണയം

*ചോദ്യം*

ഡോ.എം. കെ. മുനീർ
ശ്രീ.കെ.എൻ.എ ഖാദർ
ശ്രീ. കെ.എം.ഷാജി
ശ്രീ. സി.മമ്മൂട്ടി

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാല ചട്ടപ്രകാരം ഉത്തരകടലാസ്സ് മൂല്യനിർണ്ണയ പരാതിയിന്മേൽ എത്ര പ്രാവശ്യമാണ് മൂല്യനിർണ്ണയം നടത്താറുള്ളത്; | (എ) | സാങ്കേതിക സർവ്വകലാശാല ചട്ടപ്രകാരം ബിരുദ കോഴ്സുകൾ ഒരു തവണയാണ് പുനർമൂല്യനിർണ്ണയം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ബിരുദാനന്തര കോഴ്സുകൾക്ക് ചട്ടപ്രകാരം പുനർമൂല്യനിർണ്ണയം അനുവദനീയമല്ല. |
| (ബി) | ഈ ചട്ടം ലംഘിച്ച് മൂല്യനിർണ്ണയം നടത്തേണ്ടി വന്നിട്ടുണ്ടോ; ആയതിന്റെ സാഹചര്യം വെളിപ്പെടുത്തുമോ; | (ബി) | മൂല്യനിർണ്ണയത്തിലെ പാകപ്പിഴകൾ മൂലം വിദ്യാർത്ഥികൾക്ക് സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടു എന്ന് ബോധ്യപ്പെട്ട പരാതിയിൽ സർവ്വകലാശാല വൈസ് ചാൻസലറുടെ വിവേചനാധികാര ചട്ടം ഉപയോഗിച്ച് വീണ്ടും മൂല്യനിർണ്ണയം നടത്തേണ്ടി വന്നിട്ടുണ്ട്. 27/02/2019 ൽ സർവ്വകലാശാലയിൽ നടന്ന ഫയൽ അദാലത്തിൽ ബി.ടെക് ആറാം സെമസ്റ്റർ പരീക്ഷയിൽ ഒരു വിഷയത്തിന് മാത്രം പരാജയപ്പെട്ട ബി.ടെക് ബിരുദ വിദ്യാർത്ഥി |

| | | | |
|---|---|---|---|
| | | | പരാതി സമർപ്പിച്ചിരുന്നു. പുനർമൂല്യനിർണ്ണയത്തിലും തനിക്ക് അർഹതപ്പെട്ട മാർക്ക് ലഭിച്ചില്ല എന്നായിരുന്നു പരാതി. ഈ വിദ്യാർത്ഥി ഹാജരാക്കിയ ഉത്തരകടലാസ്സിന്റെ പകർപ്പും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് അദാലത്തിന്റെ ഓർഗനൈസിംഗ് കമ്മിറ്റിക്ക് ഈ വിദ്യാർത്ഥിക്ക് അർഹമായ മാർക്ക് ലഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഈ വിദ്യാർത്ഥിയുടെ ഒന്ന് മുതൽ അഞ്ച് സെമസ്റ്റർ വരെയുള്ള ഉയർന്ന മാർക്കുകളും കമ്മിറ്റി വിലയിരുത്തി. തുടർന്ന് വൈസ് ചാൻസലർ തന്റെ വിവേചനാധികാരം ഉപയോഗിച്ച് ഈ വിദ്യാർത്ഥിയുടെ ഉത്തരകടലാസ് ഒരു തവണ കൂടി പുനർമൂല്യനിർണ്ണയം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് അനുസരിച്ച് പുനർമൂല്യനിർണ്ണയം അനുവദനീയമല്ലാത്ത ബിരുദാനന്തര കോഴ്സിലെ (എം.സി.എ) ഒരു വിദ്യാർത്ഥിയുടെ പരാതിയിലും ഒരു തവണ കൂടി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. |
| (സി) | തോറ്റ വിദ്യാർത്ഥിയെ ചട്ടവിരുദ്ധമായി വിജയിപ്പിച്ച തീരുമാനം റദ്ദാക്കണമെന്ന വിഷയത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ? | (സി) | തോറ്റ വിദ്യാർത്ഥിയെ ചട്ടവിരുദ്ധമായി വിജയിപ്പിച്ചിട്ടില്ല. മറിച്ച് മൂല്യനിർണ്ണയത്തിലെ അപാകതകൾ മൂലം തോൽപ്പിക്കപ്പെട്ട സമർത്ഥനായ ഒരു വിദ്യാർത്ഥിക്ക് വൈസ് |

| | | | |
|---|---|---|---|
| | | | ചാൻസലറുടെ വിവേചനാധികാരം ഉപയോഗിച്ച അർഹമായ നീതി ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ